പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*475 — 17.05.2017 ൽ മറുപടിക്ക്

# നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഐ.ബി. സതീഷ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) വികസന പ്രക്രിയയുടെ പൂർണ്ണ പ്രയോജനം ഇനിയും ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.<br><br>2) ആരോഗ്യമേഖല ഉൾപ്പെടെയുള്ള വികസന രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുക വഴി കേരള വികസന മാതൃക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക. |

| | | | |
|---|---|---|---|
| | | | 3) ജലവും, മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.<br><br>4) വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ച് പിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരിതാവരണം സൃഷ്ടിക്കുക.<br><br>5) താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു വിഭവങ്ങളുടേയും ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.<br><br>6) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക.<br><br>7) സ്ഥാപനതല-വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധതാ വിഭവങ്ങളുടേയും ജനകീയ സ്രോതസ്സുകളുടേയും സംയോജനം സാധ്യമാക്കുക. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്; | ബി) | താഴെപ്പറയുന്ന 6 മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്<br>1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ<br>2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ<br>3. പൊതു വിദ്യാഭ്യാസ സംരക്ഷണം<br>4. ശുചിത്വ - മാലിന്യ സംസ്കരണം,<br>5. മണ്ണ്- ജല സംരക്ഷണം<br>6. ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം |
| സി) | ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; താഴെത്തട്ടുകളിൽ ഏതെല്ലാം നിലയിലുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടുകൂടിയാണ് മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുന്നത്; | സി) | നിലവിലുള്ള ജനകീയാസൂത്രണ സംവിധാനത്തിൽ മിഷനുകൾ സംയോജിപ്പിച്ച ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കുവാൻ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. താഴെത്തട്ടുകളിൽ കുടുംബശ്രീ, കൃഷിഭവനിലെ കാർഷിക കൂട്ടായ്മ, വിവിധ രാഷ്ട്രീയ പാർട്ടികളിലെ കർഷക സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ, തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വിവിധ തലത്തിലുള്ള മിഷൻ പ്രവർത്തനങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധ സംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഡി) | മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇവയ്ക്ക് വേണ്ടി വരുന്ന സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കാമോ? | ഡി) | മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇവയ്ക്ക് വേണ്ടി വരുന്ന സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ